**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2279** **05-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച റേഷൻ കടകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ പുതുതായി 3 റേഷൻ കടകൾ അനുവദിച്ചിട്ടുണ്ട്.<br>കാസർഗോഡ് - 1 എണ്ണം (FPS - 2468193)<br>ഹോസ്ദുർഗ് - 2 എണ്ണം (FPS - 2469233, 2469234) |
| (ബി) | സംസ്ഥാനത്ത് പുതുതായി റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പോർട്ടബിലിറ്റി (ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന സംവിധാനം) ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ പുതിയ കടയുടെ ആവശ്യകതയുണ്ടോ, പുതിയ കടയിൽ ലഭിക്കാവുന്ന കാർഡുകളുടെ എണ്ണം, പുതിയ കട ആരംഭിച്ചാൽ ചുറ്റുപാടുമുള്ള റേഷൻ കടകളുടെ വില്പനയെ ബാധിക്കുമോ, അടുത്തുള്ള കടകളിലെ കഴിഞ്ഞ 3 മാസത്തെ കമ്മീഷൻ എന്നീ വിവരങ്ങൾ പരിശോധിച്ച ശേഷം ഒരു പ്രദേശത്തു കട വളരെ അത്യാവശ്യമാണ് എന്ന് കാണുന്നപക്ഷം ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുതിയ റേഷൻ കടയ്ക്കുള്ള അപേക്ഷ പരിഗണിക്കുന്നുണ്ട്. |
| (സി) | ഒരു റേഷൻ കടയിൽ ഉൾക്കൊള്ളാവുന്ന റേഷൻ കാർഡുകളുടെ എണ്ണത്തിൽ പരിധി ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഒരു റേഷൻ കടയിൽ ഉൾക്കൊള്ളാവുന്ന റേഷൻ കാർഡുകളുടെ എണ്ണത്തിൽ പരിധി ഇല്ല. എന്നിരുന്നാലും 400 കാർഡുകൾ എങ്കിലും ലഭിക്കുമെങ്കിൽ മാത്രമേ പുതിയകട സാമ്പത്തിക സ്ഥിരതയോടെ നടത്തുന്നതിന് കഴിയുകയുള്ളു എന്ന വസ്തുത കണക്കിലെടുത്ത് പുതുതായി റേഷൻ കട അനുവദിക്കുമ്പോൾ ഏകദേശം 400 കാർഡുകൾ എങ്കിലും ലഭിക്കുമോയെന്ന് പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ